
# രാഷ്ട്രഭാരതി

(ഭാരത സർക്കാർ നാഷണൽ ഓപ്പൺ സ്ക്കൂൾ)

Opp: സ്റ്റാർ ഹോസ്പിറ്റൽ
ഓച്ചിറ.(പി.ഒ)
കൊല്ലം ജില്ല, കേരള– പിൻ 690526
ഫോൺ–0476–2693137, 9526222447
8289970761, 8289970861



# പ്രോസ്പെക്ടസ്

2022-2023

പ്രിയ വിദ്യാർത്ഥികളെ,

കഴിഞ്ഞ കാലങ്ങളിൽ വിദ്യാഭ്യാസ രംഗത്ത് നിസ്തുലമായ സംഭാവനകൾ കാഴ്ചവച്ച രാഷ്ട്രഭാരതി പുതിയ വിദ്യാഭ്യാസ വർഷത്തിലേക്ക് കടക്കുകയാണ്. മാറിയ പാഠ്യക്രമങ്ങൾക്ക് അനുസൃതമായ പഠനരീതികൾ ആവിഷ്കരിച്ചുകൊണ്ട് വിദ്യാഭ്യാസ രംഗത്ത് നടന്നുകൊണ്ടിരിക്കുന്ന പരിവർത്തനങ്ങളെ കൂടുതൽ ശക്തിപ്പെടുത്താനാണ് ഞങ്ങൾ ശ്രമിക്കുന്നത്. പലകാരണങ്ങളാലും തുടർവിദ്യാഭ്യാസം നിലച്ചുപോയ നിരവധി വിദ്യാർത്ഥികളെ കൈപിടിച്ചുയർത്തിയ പാരമ്പര്യമാണ് രാഷ്ട്രഭാരതിക്കുള്ളത്. കേന്ദ്ര- സംസ്ഥാന ഗവൺമെന്റുകൾ അംഗീകരിച്ചിട്ടുള്ള കോഴ്സുകൾ വിജയകരമായി നടത്തി വിദ്യാർത്ഥികളെ ഉന്നത നിലകളിൽ എത്തിക്കുവാൻ കഴിഞ്ഞ വർഷങ്ങളിൽ ഞങ്ങൾക്കു കഴിഞ്ഞിട്ടുണ്ട്. രാഷ്ട്രഭാരതിയിൽ നടത്തിവരുന്ന കോഴ്സുകളുടെ സംക്ഷിപ്ത വിവരണങ്ങളാണ് ഈ പ്രോസ്പെക്ടസിൽ ഉള്ളത്. ഇതു സശ്രദ്ധം വായിക്കുകയും സംശയങ്ങൾ ഉണ്ടെങ്കിൽ ഞങ്ങളുടെ എഡ്യൂക്കേഷണൽ കൗൺസിലർമാരുമായി ചർച്ച ചെയ്യുകയും വേണമെന്ന് താൽപ്പര്യപ്പെടുന്നു. രാഷ്ട്രഭാരതിയുടെ വിദഗ്ദ്ധ ഹസ്തങ്ങളിൽ നിങ്ങളുടെ ഭാവി സുരക്ഷിതമായിരിക്കും എന്ന പ്രത്യാശയോടെ,

ഡയറക്ടർ
ടി.ആർ പത്മകുമാർ

# രാഷ്ട്രഭാരതിയിലെ കറസ്പോണ്ടൻസ് കോഴ്സുകൾ

**രാഷ്ട്രഭാരതിയിലെ പ്രവേശനം**

രാഷ്ട്രഭാരതിയിൽ ചേരുവാൻ ആഗ്രഹിക്കുന്നവർ ഞങ്ങളുടെ പ്രോസ്പെക്ടസും അപേക്ഷാഫോറവും വാങ്ങി അപേക്ഷാഫോറം പൂരിപ്പിച്ച് നിർദ്ദിഷ്ട ഫീസ് സഹിതം ഓഫീസിലേക്ക് നേരിട്ടോ തപാൽ മാർഗ്ഗമോ അയച്ചാൽ മതി.

**ട്യൂഷൻഫീസ്/കോച്ചിംഗ് ഫീസ് അടക്കുന്ന രീതി**

ഓഫീസിൽ നേരിട്ടുവരുന്നവർക്ക് ട്യൂഷൻഫീസ്/കോച്ചിംഗ് ഫീസ് ഓഫീസ് കൗണ്ടറിൽ അടക്കാവുന്നതാണ്. തപാൽ മുഖേനയാണെങ്കിൽ മണിയോർഡറായോ ബാങ്ക് ഡ്രാഫ്റ്റായോ മാത്രമേ സ്വീകരിക്കുകയുള്ളൂ. മണിയോർഡർ, ബാങ്ക് ഡ്രാഫ്റ്റ് – **കോർഡിനേറ്റർ, രാഷ്ട്രഭാരതി, ഓച്ചിറ. (പി.ഒ.)** എന്ന പേരിൽ എടുക്കേണ്ടതാണ്. എന്ത് പണമിടപാടുകൾ നടത്തുമ്പോഴും രസീത് വാങ്ങേണ്ടതാണ്. തപാൽ വിദ്യാർത്ഥികൾ പണം അടച്ചു പതിനഞ്ച് ദിവസത്തിനകം രസീത് കിട്ടിയില്ലെങ്കിൽ കോർഡിനേറ്ററെ അറിയിക്കേണ്ടതാണ്. ട്യൂഷൻഫീസ്/കോച്ചിംഗ് ഫീസ് ഒരുപ്രാവശ്യം അടച്ചുകഴിഞ്ഞാൽ യാതൊരു കാരണവശാലും തിരിച്ചു നൽകുന്നതല്ല. പ്രോസ്പെക്ടസിൽ കൊടുത്തിരിക്കുന്നത് ഞങ്ങളുടെ ട്യൂഷൻഫീസ്/കോച്ചിംഗ് ഫീസ് മാത്രമാണ്. രജിസ്ട്രേഷൻ ഫീസ്, പരീക്ഷാഫീസ് എന്നിവ ഇതിൽപ്പെടുന്നില്ല.

രജിസ്ട്രേഷനെ സംബന്ധിക്കുന്ന എല്ലാകാര്യങ്ങളും ഞങ്ങൾ നേരിട്ട് ചെയ്യുന്നതാണ്. രജിസ്ട്രേഷന്റെ സമയമാകുമ്പോൾ പ്രസ്തുത അപേക്ഷാ ഫോറം നിങ്ങൾക്ക് അയച്ചുതരുന്നതാണ്. ഈ അപേക്ഷാ ഫോറം പൂരിപ്പിച്ച് ഞങ്ങൾ പറഞ്ഞിരിക്കുന്ന സമയത്തിനുള്ളിൽ എല്ലാ രേഖകളോടുംകൂടി പ്രസ്തുത ഫീസ് സഹിതം ഓഫീസിൽ എത്തിക്കുകയോ അയച്ചുതരികയോ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ തീയതി കഴിഞ്ഞ് ഓഫീസിൽ ലഭിക്കുന്ന നിങ്ങളുടെ അപേക്ഷകൾ അടുത്തുവരുന്ന രജിസ്ട്രേഷനു മാറ്റുന്നതാണ്.

**എല്ലാ വിദ്യാർത്ഥികളുടേയും ശ്രദ്ധക്ക് !**

ഞങ്ങളുടെ സ്ഥാപനത്തിൽ ചേരുന്ന വിദ്യാർത്ഥികൾ സ്ഥാപനത്തിന്റെ നിയമാവലി പാലിക്കേണ്ടതാണ്. സ്ഥാപനത്തിലെ ഏതെങ്കിലും വിദ്യാർത്ഥി തെറ്റായ രീതി ഉപയോഗിച്ചാൽ യാതൊരു മുന്നറിയിപ്പും കൂടാതെ സ്ഥാപനത്തിൽനിന്നും പുറത്താക്കുന്നതും അങ്ങനെയുള്ള വിദ്യാർത്ഥികൾക്ക് ഒരു കാരണവാശലും അടച്ച ഫീസ് മടക്കികൊടുക്കുന്നതുമല്ല. പ്രിൻസിപ്പലിന്റെ തീരുമാനം അന്തിമമാണ്.

# കോഴ്സുകൾ

# 6 മാസം കൊണ്ട് +2, PDC (NIOS)

കേന്ദ്ര മാനവശേഷി വിഭവ വികസന വകുപ്പിന്റെ കീഴിൽ കേന്ദ്ര ഗവൺമെന്റ് നടപ്പാക്കിയിട്ടുള്ള പാഠ്യ പദ്ധതിയാണിത്. ജൂലൈ മാസത്തിൽ 15 വയസ്സ് പൂർത്തീകരിച്ചിട്ടുള്ള SSLC പാസ്സായവർക്കും +2/PDC തോറ്റവർക്കും പ്രായപരിധിയില്ലാതെ എഴുതിയെടുക്കാവുന്ന പരീക്ഷയാണ് NIOS +2. ഇത് എല്ലാ യൂണിവേഴ്സിറ്റികളും ഗവൺമെന്റും അംഗീകരിച്ചിട്ടുള്ളതാണ്. ഏത് സംസ്ഥാനത്തെ തുടർവിദ്യാഭ്യാസത്തിനും ഗവൺമെന്റ് പരീക്ഷകൾക്കും വിദേശജോലികൾക്കും NIOS PLUS TWO സർട്ടിഫിക്കറ്റ് പര്യാപ്തമാണ്. മലയാളം മീഡിയത്തിൽ ഈ പരീക്ഷ എഴുതാവുന്നതാണ്. കേരളത്തിലെ എല്ലാ ജില്ലകളിലും NIOS പ്ലസ്ടുവിന്റെ പരീക്ഷാകേന്ദ്രങ്ങൾ ഉണ്ട്.

- രജിസ്ട്രേഷൻ നടത്തുന്നതിനായി താഴെ പറയുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.
- SSLC സർട്ടിഫിക്കറ്റിന്റെ കോപ്പികൾ
- 2 പാസ്പോർട്ട് സൈസ് ഫോട്ടോകൾ
- അഡ്മിഷൻ ഫീസായി 2000/രൂപ
- അഡ്മിഷൻ രജിസ്ട്രേഷൻ ഫീസായി 4250/രൂപ
- ആധാർ കാർഡിന്റെ കോപ്പി

### കോച്ചിംഗ് ഫീസ്

NIOS +2 വിദ്യാർത്ഥികൾ കോച്ചിംഗ് ഫീസ് 5000രൂപ നൽകേണ്ടതാണ്. ഫീസ് തവണകളായി അടക്കുവാനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. അഡ്മിഷൻ സമയത്ത് 2000-രൂപ മുൻകൂറായി അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്. പരീക്ഷാ ഫീസ് പ്രത്യേകം അടയ്ക്കേണ്ടതാണ്.

# കോഴ്സുകൾ

## 6 മാസം കൊണ്ട് SSLC (NIOS)

15 വയസ് പൂർത്തിയായവർക്കും അതിനുമേൽ എത്ര പ്രായമുള്ളവർക്കും യാതൊരു വിധ അടിസ്ഥാന യോഗ്യതകളും കൂടാതെ എസ്.എസ്.എൽ.സി പരീക്ഷ എഴുതാവുന്നതാണ്. കേരളത്തിലെ എല്ലാ ജില്ലകളിലും പരീക്ഷാകേന്ദ്രങ്ങളുണ്ട്.വർഷ ത്തിൽ രണ്ടുതവണ പരീക്ഷകൾ. മാർച്ച് ഏപ്രിൽ മാസങ്ങളിലും ഒക്ടോബർ നവം ബർ മാസങ്ങളിലുമാണ് പരീക്ഷ. (ഒരു തവണ പരീക്ഷ എഴുതിയാൽമതി) കേന്ദ്ര മാനവശേഷി വിഭവ വികസന വകുപ്പിന്റെ കീഴിൽ കേന്ദ്ര ഗവൺമെന്റ് നടപ്പാക്കി യിട്ടുള്ള പാഠ്യ പദ്ധതിയാണിത്. ഇത് എല്ലാ യൂണിവേഴ്സിറ്റികളും ഗവൺമെന്റും അംഗീകരിച്ചിട്ടുള്ളതാണ്. ഏത് സംസ്ഥാനത്തെ തുടർ വിദ്യാഭ്യാസത്തിനും ഗവൺമെന്റ് പരീക്ഷകൾക്കും ഗവൺമെന്റ് ജോലിക്കും വിദേശ ജോലികൾക്കും NIOS SECONDARY (SSLC) സർട്ടിഫിക്കറ്റ് പര്യാപ്തമാണ്.

- രജിസ്ട്രേഷൻ നടത്തുന്നതിനായി താഴെ പറയുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.
- VIII സർട്ടിഫിക്കറ്റിന്റെ കോപ്പി അല്ലെങ്കിൽ ജനനസർട്ടിഫിക്കറ്റിൻന്റെ കോപ്പി
- 2 പാസ്പോർട്ട് സൈസ് ഫോട്ടോകൾ
- അഡ്മിഷൻ ഫീസായി 1500/രൂപ
- അഡ്മിഷൻ രജിസ്ട്രേഷൻ ഫീസായി 4250/രൂപ
- ആധാർ കാർഡിന്റെ കോപ്പി

### കോച്ചിംഗ് ഫീസ്

NIOS SECONDARY (SSLC) വിദ്യാർത്ഥികൾ കോച്ചിംഗ് ഫീസ് 4000രൂപ നൽകേണ്ടതാണ്. ഫീസ് തവണകളായി അടക്കുവാനുള്ള സൗകര്യം ഉണ്ടായിരി ക്കുന്നതാണ്. അഡ്മിഷൻ സമയത്ത് 2000-രൂപ മുൻകൂറായി അടച്ച് രസീത് കൈപ്പ റ്റേണ്ടതാണ്. പരീക്ഷാ ഫീസ് പ്രത്യേകം അടയ്ക്കേണ്ടതാണ്.

# കോഴ്സുകൾ

## പ്രീ–പ്രൈമറി ടീച്ചർ ട്രെയിനിംഗ് കോഴ്സ്

കേന്ദ്ര മാനവശേഷി വിഭവ വികസന വകുപ്പിന്റെ (വിദ്യാഭ്യാസം) കീഴിൽ പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്ക്കൂളിംഗിന്റെ **Certificate in Early Child Care and Education Course (പ്രീ-പ്രൈമറി ടീച്ചർ ട്രെയിനിംഗ് കോഴ്സ്)** ഈ കോഴ്സ് പൂർത്തീകരിക്കുന്നവർക്ക് ലോകമെമ്പാടുമുള്ള കോർപ്പറേറ്റ്/ സ്വകാര്യ /C.B.S.E / I.C.S.E / പ്രീ- പ്രൈമറി/ നഴ്സറി/ പ്രീ / പ്ലേ / ക്രഷ്/ അംഗൻവാടി/കിന്റർ ഗാർട്ടൻ സ്ക്കൂളുകളിൽ അദ്ധ്യാപകരായി ജോലി ലഭിക്കാൻ യോഗ്യതയും അർഹതയും നൽകുന്നു. കോഴ്സ് കാലാവധി-10 മാസം. നമ്മുടെ രാജ്യത്തും വിദേശത്തുമുള്ള നഴ്സറി സ്ക്കൂളുകളിൽ നിയമനം ലഭിക്കുന്നതിനും കേന്ദ്ര ഗവൺമെന്റ് ശിശു വികസന പദ്ധതിയിൽ ഉൾപ്പെടുത്തി രാജ്യത്തെ എല്ലാ ഗ്രാമങ്ങളിലേയും വാർഡുകളിൽ സ്ഥാപിച്ചുകൊണ്ടിരിക്കുന്ന ബാലവികാസ് കേന്ദ്രങ്ങളിൽ തൊഴിൽ ലഭിക്കുന്നതിനും ഈ കോഴ്സ് ആവശ്യമാണ്. രജിസ്ട്രേഷൻ നടത്തുന്നതിനായി താഴെ പറയുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

- SSLC സർട്ടിഫിക്കറ്റിന്റെ കോപ്പികൾ
- 2 പാസ്പോർട്ട് സൈസ് ഫോട്ടോകൾ
- രജിസ്ട്രേഷൻ ഫീസായി 3100 രൂപ
- ആധാർ കാർഡിന്റെ കോപ്പി

### കോഴ്സ്ഫീസ്

കോഴ്സ് ഫീസ്- 7100/-രൂപ 3 തവണകളായി അടയ്ക്കാവുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 3100/- (പ്രവേശനസമയത്ത് അടയ്ക്കേണ്ടതാണ്) പിന്നീട് 2000/രൂപ വീതം രണ്ട് തവണകളായി അടയ്ക്കാവുന്നതാണ്. പരീക്ഷാഫീസ് പ്രത്യേകം അടയ്ക്കേണ്ടതാണ്.

# കോഴ്സുകൾ

# ഹിന്ദി ടി. ടി. സി

## ഹിന്ദീ ഭൂഷൺ – 12 മാസം

ഹിന്ദീ പ്രവേശ് പരീക്ഷ വിജയിച്ചതിനുശ്ശേഷം അല്ലെങ്കിൽ പ്രീഡിഗ്രി / പ്ലസ്ടൂ ഹിന്ദിയോടുകൂടി പാസായവർ അല്ലെങ്കിൽ പ്രസ്തുത ക്ലാസിൽ ഹിന്ദിയിൽ മാത്രം പാസാവുകയോ ചെയ്തിട്ടുള്ളവർക്ക് ചേരാം. (ഹിന്ദീ ഭൂഷൺ പരീക്ഷ 6 മാസം വീതമുള്ള രണ്ട് പാർട്ടുകളായാണ് നടത്തുന്നത്.)

*( ഹിന്ദീ ഭൂഷൺ കോഴ്സ് ജയിച്ചവരെ കേന്ദ്ര – സംസ്ഥാന സർക്കാരുകളുംപബ്ലിക്സർവ്വീസ് കമ്മീഷനുകളും യു.പി. സ്ക്കൂൾ അധ്യാപക യോഗ്യതയുള്ളവരായി അംഗീകരിച്ചിട്ടുണ്ട് )*

## സാഹിത്യാചാര്യ – 18 മാസം

ഹിന്ദീ ഭൂഷൺ വിജയിച്ചതിനുശേഷം അല്ലെങ്കിൽ ബി.എ/ ബി. എസ്.സി പരീക്ഷയിൽ സെക്കന്റ് ലാംഗ്വേജ് ഹിന്ദി മാത്രമെങ്കിലും വിജയിച്ചവർക്ക് ചേരാം. (സാഹിത്യാചാര്യ + ഭാഷാദ്ധ്യാപക ട്രെയിനിംഗ് യോഗ്യതയുള്ളവരെ ഹൈസ്ക്കൂൾ അദ്ധ്യാപക യോഗ്യതയുള്ളവരായി കേന്ദ്ര- സംസ്ഥാന സർക്കാരുകളും പബ്ളിക് സർവ്വീസ് കമ്മീഷനും അംഗീകരിച്ചിട്ടുണ്ട്)

## കോഴ്സ് ഫീസ്

എല്ലാ കോഴ്സിനും ഓരോ സെമസ്റ്ററിലും പരീക്ഷാഫീസ് ഉൾപ്പെടെ 5000/- രൂപ കോഴ്സ് ഫീസ് അടയ്ക്കേണ്ടതാണ്. ഫീസ് തവണകളായി അടക്കുവാനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. അഡ്മിഷൻ സമയത്ത് 1500 രൂപ മുൻകൂറായി അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്.

# കോഴ്സുകൾ

## ബി.എ
## ഹിസ്റ്ററി / മലയാളം/ ഹിന്ദി

### (കാലിക്കറ്റ് / കേരള യൂണിവേഴ്സിറ്റി)

പ്ലസ്ടൂ/ പ്രീഡിഗ്രി പരീക്ഷ പാസായവർക്ക് പ്രവേശനം നേടാവുന്നതാണ്. ഈ കോഴ്സിന്റെ കാലാവധി മൂന്ന് വർഷമാണ്. പരീക്ഷ സെമസ്റ്റർ സിസ്റ്റത്തിലാണ് നടക്കുന്നത്.


**യൂണിവേഴ്സിറ്റി ഡിഗ്രി കോഴ്സ്**

**രജിസ്റ്റർ ചെയ്യുന്നതിനാവശ്യമായ രേഖകൾ**

1. പ്ലസ്ടൂ/ പ്രീഡിഗ്രി സർട്ടിഫിക്കറ്റ് ഒറിജിനൽ
2. പ്ലസ്ടൂ/ പ്രീഡിഗ്രി സർട്ടിഫിക്കറ്റ് പകർപ്പുകൾ (2 എണ്ണം)
3. എസ്.എസ്.എൽ.സി ശരിപകർപ്പ്
(സ്വയം സാക്ഷ്യപ്പെടുത്തിയത് 2 എണ്ണം)
4. ടി.സി. ഒറിജിനൽ
5. പാസ്പോർട്ട് സൈസ് ഫോട്ടോ 4 എണ്ണം.
6. ആധാർ കാർഡ് (കോപ്പി)
7. രജിസ്ട്രേഷൻ ഫീസ്

**കോഴ്സ് ഫീസ്**

ഓരോ വർഷത്തേയും കോഴ്സ് ഫീസ് 8000/രൂപവീതം ആയിരിക്കും. ഓരോ സെമസ്റ്ററിലും 4000/രൂപ വീതം അടയ്ക്കേണ്ടതാണ്. ഫീസ് തവണകളായി അടക്കുവാനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. പരീക്ഷാ ഫീസ് ഇതിൽ ഉൾപ്പെടുന്നില്ല.




**RASHTRABHARATHI**

Opp. Star Hospital
Oachira. P.O., Kollam (Dist), Kerala (State)
Pin- 690 526
Ph: 0476-2693137, 9526222447